(ബി) ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; ഒരു പഞ്ചായത്തിൽ ഒന്നിൽ കൂടുതൽ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുന്നുണ്ടോ;

(സി) നാല് ഹൈസ്കൂളുകളിൽ പ്രത്യേകമായി പ്ലസ് ടു അനുവദിക്കുന്നതിന് നീക്കം നടത്തുന്നുണ്ടോ; ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രി, ധനകാര്യ വകുപ്പു മന്ത്രിക്ക് കത്തു നൽകുകയുണ്ടായോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) പുതിയ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം എന്തായിരുന്നു;

(ഇ) നേരത്തെ ഹൈക്കോടതി അനുമതി നിഷേധിച്ച ലിസ്റ്റിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് വീണ്ടും പ്ലസ് ടു നൽകാനുള്ള നീക്കം നടക്കുന്നുണ്ടോ;

(എഫ്) ഹയർസെക്കണ്ടറി സ്കൂൾ അനുവദിക്കുന്നതിന് പിന്നിൽ വൻ കോഴ ഇടപാട് നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) സംസ്ഥാനത്ത് പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ബാധകമല്ല.

(ബി) ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഏറ്റവും അവസാനമായി ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിച്ചത് 11-6-2013-ലെ സ.ഉ. (കൈ) നമ്പർ 185/13/പൊ.വി. നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം-I ആയി ചേർക്കുന്നു.* പുതിയ ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(സി) ഇല്ല. ബാധകമല്ല.

(ഡി) പുതിയ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച ഫയലിൽ ധനകാര്യ വകുപ്പ് രേഖപ്പെടുത്തിയ അഭിപ്രായത്തിന്റെ പകർപ്പ് അനുബന്ധം -II ആയി ചേർക്കുന്നു.*

(ഇ) ഇല്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly